

ഇന്ത്യയുടെ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ വികസനത്തിനും ആഗോളതലത്തിൽ മഴക്കാടുകൾ സംരക്ഷിക്കുന്നതിനും സഹായകമായ സൈലൻറ്വാലി പ്രക്ഷോഭത്തിന്റെ കാൽ നൂറ്റാണ്ട് പരിസ്ഥിതി വിദഗ്ദ്ധനായ ലേഖകൻ അപഗ്രഥനം ചെയ്യുന്നു. സൈലൻറ്വാലി പ്രസ്ഥാനത്തിന്റെ പ്രാധാന്യം വളർന്നുവികസിക്കേണ്ടത് വനപരിപാലനം വനാവകാശികളായ ആദിവാസിസമൂഹത്തിന്റെ മേൽനോട്ടത്തിൽ നടത്താനുള്ള സമരങ്ങളുടെ മുൻനിരയിലേക്ക് വന്നുകൊണ്ടാകണമെന്നും ലേഖകൻ അഭിപ്രായപ്പെടുന്നു.

# സൈലന്റ് വാലി : ഒരു തിരിഞ്ഞുനോട്ടം

എസ്. ഫെയ്സി

സൈലന്റ്വാലി സമരം നടന്നിട്ട് മൂന്ന് പതിറ്റാണ്ടുകൾ കഴിയുന്നു. അണക്കെട്ടും വൈദ്യുതിനിലയവും അനുബന്ധ സൗകര്യ ങ്ങളുമാകേണ്ടിയിരുന്ന പ്രദേശം ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചിട്ട് കാൽ നൂറ്റാണ്ടാവുകയാണ്. ഇന്ത്യയുടെ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ വികസനത്തിൽ നിർണായകമായ പങ്കു വഹിച്ച ഈ സമരം ആഗോളതലത്തിൽ തന്നെ മഴക്കാടുകളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാക്കുവാനും സഹായക മായി.

കൊല്ലം കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ നടത്തിയ സൈലന്റ് വാലി സംരക്ഷണ സമര പരിപാടികൾ അന്നത്തെ വിദ്യാർത്ഥി തലമുറയിൽ പരിസ്ഥിതി താല്പര്യമുണ്ടാക്കാൻ സഹായകമായിരുന്നു. സൈലന്റ് വാലി സംരക്ഷിക്കണമെന്ന മുദ്രാവാക്യവുമായി 1979 ആഗസ്റ്റിൽ ഞങ്ങൾ കേരളത്തിലുടനീളം നടത്തിയ ജീപ്പുജാഥയ്ക്ക് വ്യാപകമായ പിന്തുണയോ സഹതാപമോ ലഭിച്ചെങ്കിലും കുറെപേരെങ്കിലും ഞങ്ങളെ ശക്തമായി എതിർത്തിരുന്നു.

വികസനത്തിനു വിഘാതം നിൽക്കു ന്നവരുടെ ഏജന്റന്മാരായ കുട്ടിക്കുര ങ്ങന്മാരെന്നും വഴിപിഴച്ചവരെന്നും പറഞ്ഞവർ പലരുണ്ടായിരുന്നു. ഏറ്റവും കൃത്യമായ ഭാഷയിൽ ഇക്കാര്യങ്ങൾ ഞങ്ങളോടു പറഞ്ഞത് ഇലക്ട്രിസിറ്റി ബോർഡിലെ ഒരു മുതിർന്ന എഞ്ചിനീയറായിരുന്നു. ജീപ്പു ജാഥ നടത്തിയിട്ട് സൈലന്റു വാലി പദ്ധതി പ്രദേശത്തെത്തിയ ഞങ്ങളോട് ഇലക്ട്രിസിറ്റി ബോർഡിന്റെ വാദങ്ങളെല്ലാം അദ്ദേഹം അന്നവതരിപ്പിച്ചു. ഞങ്ങളിലൊരാൾ രണ്ട് അട്ടകളെപിടിച്ച് അദ്ദേഹത്തിന്റെ ഉടുപ്പിൽ നിക്ഷേപിച്ച കാര്യംപോലും ശ്രദ്ധിക്കാനാവാത്തവണ്ണമുള്ള ആവേശത്തിലായിരുന്നു അദ്ദേഹത്തിന്റെ സംസാരം. ഇലക്ട്രിസിറ്റി

ബോർഡിന്റെ വാദങ്ങൾ തുടർന്നു രണ്ടു പതിറ്റാണ്ടെങ്കിലും പരിസ്ഥിതി ഉൾക്കണ്ഠകൾ ഉയർത്തുന്നവരെ നേരിടാൻ വികസനത്തിന്റെ അപ്രമാദിത്തം ഉയർത്തിപ്പിടിക്കുന്നവർ ഉപയോഗിച്ചിരുന്നു.

പക്ഷേ തുടർന്നുള്ള വർഷങ്ങളിൽ വികസന പരിപ്രേക്ഷ്യത്തിൽ പരിസ്ഥിതി പരിപാലനം സ്വീകാര്യമായ ഒന്നായിത്തീർന്നു, പരിസ്ഥിതി നശീകരണവും പ്രാദേശിക ജനങ്ങൾക്ക് ദുരിതവും വിതയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾപോലും രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥവൃന്ദവും പരിസ്ഥിതി പരിപാലനത്തെപ്പറ്റി വാചാല മാകുന്നു. ഒരു പ്രതിപക്ഷ നേതാവിന് അടുത്ത മുഖ്യമന്ത്രിയാകാൻവേണ്ട ഇമേജ് സൃഷ്ടിക്കുന്നതിനുവരെ അദ്ദേഹം ചില പരിസ്ഥിതി സമരരംഗങ്ങളിലേയ്ക്ക് നടത്തിയ സന്ദർശനങ്ങൾ ഉപകരിക്കു കയുണ്ടായി.

രാഷ്ട്രീയ നേതൃത്വവും നയരൂപീകരണ പ്രക്രിയയും ഇടതു-വലതു വ്യത്യാസങ്ങളില്ലാതെ പരിസ്ഥിതി ഒരു അവശ്യ വിഷയമായി അംഗീകരിച്ചിട്ടുണ്ട്. മാധ്യമങ്ങളാകട്ടെ സമൂലം മാറിക്കഴിഞ്ഞു-പരിസ്ഥിതിവാദികൾ അല്ലാത്തവ ഇല്ലെന്നു തന്നെ പറയാം. അത്തരം ഒരവസ്ഥയിലും എത്രമാത്രം ഭൂഗർഭജലം വ്യവസായത്തിതനായി ഊറ്റുമ്പോഴാണ് അത് അമിത മാകുന്നത്, അല്ലെങ്കിൽ എത്രമാത്രം കാടാണ് റോഡിനും ഡാമിനും വേണ്ടി നശിപ്പിക്കാവുന്നത്, എത്രമാത്രം കീടനാശിനി ആകാശത്തു നിന്ന് വാസസ്ഥലങ്ങളിമലേയ്ക്ക് തളിച്ചാലാണ് അതു കൂടുതലാവുക എന്നുള്ള കാര്യങ്ങളിൽ ഇവർക്കെല്ലാം ഇപ്പോഴും കൃത്യമായ അഭിപ്രായമുണ്ട്. എങ്കിൽ പോലും അവർക്ക് സംഭവിച്ച മാറ്റത്തെ കാണാതിരിക്കാൻകഴിയില്ല. പരിസ്ഥിതി പ്രവർത്തകർക്ക് സമാനമായൊരു മാറ്റമുണ്ടായോ അതോ നമ്മൾ അന്ന് നിന്നിടത്തുതന്നെയാണോ നിൽക്കുന്നത്? സൈലന്റ്വാലി സമരസമയത്ത് ഞങ്ങൾ ഇറക്കിയ ഒരു ലഘുലേഖയിൽ കന്യാവനങ്ങൾ എന്നതിന്റെ ഇംഗ്ലീഷ് സംജ്ഞ ഉപയോഗിച്ചതിനെ ഒരു

രാഷ്ട്രീയ നേതൃത്വവും നയരുപീകരണ പ്രക്രിയയും ഇടതു-വലതു വ്യത്യാസങ്ങളില്ലാതെ പരിസ്ഥിതി ഒരു അവശ്യ വിഷയമായി അംഗീകരിച്ചിട്ടുണ്ട്. മാധ്യമങ്ങളാകട്ടെ സമൂലം മാറിക്കഴിഞ്ഞു-പരിസ്ഥിതിവാദികൾ അല്ലാത്തവ ഇല്ലെന്നു തന്നെ പറയാം. അത്തരം ഒരവസ്ഥയിലും എത്രമാത്രം ഭുഗർഭജലം വ്യവസായത്തിതനായി ഊറ്റുമ്പോഴാണ് അത് അമിതമാകുന്നത്, അല്ലെങ്കിൽ എത്രമാത്രം കാടാണ് റോഡിനും ഡാമിനും വേണ്ടി നശിപ്പിക്കാവുന്നത്, എത്രമാത്രം കീടനാശിനി ആകാശത്തു നിന്ന് വാസസ്ഥലങ്ങളിമലേയ്ക്ക് തളിച്ചാലാണ് അതു കൂടുതലാവുക എന്നുള്ള കാര്യങ്ങളിൽ ഇവർക്കെല്ലാം ഇപ്പോഴും കൃത്യമായ അഭിപ്രായമുണ്ട്. എങ്കിൽപോലും അവർക്ക് സംഭവിച്ച മാറ്റത്തെ കാണാതിരിക്കാൻ കഴിയില്ല. പരിസ്ഥിതി പ്രവർത്തകർക്ക് സമാനമായൊരു മാറ്റമുണ്ടായോ അതോ നമ്മൾ അന്ന് നിന്നിടത്തുതന്നെയാണോ നിൽക്കുന്നത്?

മുതിർന്ന വിദ്യാർത്ഥിനി സുഹൃത്ത് പരിഹസിച്ചു സംസാരിച്ചിരുന്നു. കന്യകാത്ത്വം എന്നുള്ളത് ഒരു ഫ്യൂഡൽ സങ്കല്പമാണെന്നും ഒരുപക്ഷെ നിങ്ങളുടെ കാടിന്റെ കാര്യവും അങ്ങനെതന്നെയായിരിക്കും എന്നവർ പറഞ്ഞു. എന്നെ തർക്കത്തിൽ തോല്പിക്കാൻ വേണ്ടിയാണ് അവർ അന്നങ്ങനെ പറഞ്ഞതെങ്കിലും രണ്ടു പതിറ്റാണ്ടിനുശേഷം, അട്ടപ്പാടിയിലെ അഹാഡ്സിൽ ജോലി ചെയ്തിരുന്ന സമയത്ത് പലവട്ടം സൈലന്റ്വാലിക്കാടുകളിലും ഭവാനിപ്പുഴയോരത്തുള്ള കുറുമ്പ ഊരുകളിലും പോകാൻ കഴിഞ്ഞപ്പോൾ ആ പഴയ സംഭാഷണം ഞാൻ ഓർത്തിട്ടുണ്ട്. ആനവായ്, കിണറ്റുകര, കടുകുമണ്ണ, തുടക്കി, ഗലസി ഊരുകളിലെ കാരണവന്മാരിൽ മിക്കവരും ചെറുപ്പത്തിൽ സൈലന്റ്വാലി കാടുകളിൽ പോയിട്ടുണ്ട് -അതിജീവനത്തിനുള്ള വനവിഭവങ്ങൾ ശേഖരിക്കാൻ, അവരുടെ പൂർവ്വീകന്മാരെപ്പോലെ. 108 വയസ്സുവരെ ജീവിച്ചിരുന്ന മുദ്ദു മൂപ്പൻ ഒരിക്കൽ കുറെ വേട്ടയാടൽ കഥകളും പറഞ്ഞിരുന്നു.

ബ്രിട്ടീഷുകാർ ഒന്നരനൂറ്റാണ്ടു മുമ്പ് ഈ കാടുകളിലെ വൃക്ഷസമ്പത്തിന്മേൽ കൈവച്ചിരുന്നു. കാടിന്റെ ഹൃദയത്തിലേയ്ക്കു നീളുന്ന വീതിയുള്ള പാതതന്നെ അവർ ഉണ്ടാക്കിയിരുന്നു. കപ്പൽ നിർമ്മാണത്തിനും റെയിൽപാതയുണ്ടാക്കാനും വേണ്ടി സൈലന്റ്വാലി കാടുകളിലെ മരങ്ങളും അവർ കൊള്ളയടിച്ചു. അട്ടപ്പാടി അപ്പോഴേക്കും ഏറെക്കുറെ വെളുപ്പിച്ചു കഴിഞ്ഞിരുന്നു. അവർ തന്നെ കാപ്പികൃഷിക്കു വേണ്ടി കാടിന്റെ ഗണ്യമായൊരുഭാഗം നശിപ്പിക്കുകയും ചെയ്തിരുന്നു (വാൾഗാട്ട് എസ്റ്റേറ്റ്). കാടിന്റെ കന്യകാത്ത്വം ഒരല്പം അതിശയോക്തി തന്നെയായിരുന്നു.

'ആളില്ലാത്ത പാർക്ക്' എന്നത് നമ്മുടെ സംസ്കാരത്തിന് അന്യമായൊരു കാഴ്ചപ്പാടായിരുന്നു. ലോകത്താദ്യമായി 1872-ൽ അമേരിക്കയിലെ യെലോസ്റ്റോണിൽ അത്തരം ദേശീയോദ്യാനത്തിനുവേണ്ടി കൊന്നൊടുക്കിയത് മുന്നൂറ് ആദിവാസികളെയാണ്. അക്രമത്തിലധിഷ്ഠിധമായ ഇത്തരം സംരക്ഷണ പദ്ധതി വികസ്വര ലോകത്ത് ആവർത്തിച്ചപ്പോൾ സംഭവിച്ചത് പരമ്പരാഗതമായി വനപരിപാലനത്തിലേർപ്പെട്ടിരുന്ന ആദിവാസി സമൂഹങ്ങളെ അന്യവൽക്കരിക്കു

കയും ദരിദ്രവൽക്കരിക്കുകയും മറുവശത്ത് നാം ഇന്ന് കാണുന്ന വനനശീകരണം വിളയാടുകയും ചെയ്തു. ലോകം, അതായത് പാശ്ചാത്യ ലോകം, ഈ ദ്വന്ദ്വദുരന്തം ഒടുവിൽ തിരിച്ചറിഞ്ഞു. അഥവാ തിരിച്ചറിയാ

നുള്ള സന്മനസ്സു കാണിച്ചു. പ്രാദേശിക ജനങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള പാർക്ക് എന്ന കാഴ്ചപ്പാടിന്റെ ഏറ്റവും ശക്തമായ ദേവിയായിരുന്ന വേൾഡ് പാർക്ക്സ് കോൺഗ്രസ്സ് അതിന്റെ ദർബനിൽ നടന്ന 2004-ലെ സമ്മേളനത്തിൽ ആദിവാസികളിൽ നിന്നും അന്യവൽക്കരിച്ച സംരക്ഷിത മേഖലകൾ അവരെ തിരിച്ചേല്പിക്കാനും ആദിവാസികളെ പ്രകൃതി സംരക്ഷണ പദ്ധതിയിൽ പൂർണ്ണ പങ്കാളി കളാക്കാനും ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ ഭൂമി നഷ്ടപ്പെട്ടവരുടെ പ്രതിനിധിയായി കേരളത്തിൽ നിന്നും സി.കെ. ജാനുവും ഈ സമ്മേളനത്തിന് എത്തിയിരുന്നു.

സമകാലീന ജൈവവൈവിധ്യ സംരക്ഷണ കാഴ്ചപ്പാടിനടിസ്ഥാനം 1993-ൽ പ്രാബല്യത്തിൽ വന്ന ജൈവവൈവിധ്യ ഉടമ്പടിയാണ്. ഈ ഉടമ്പടിയുടെ ആഭിമുഖ്യത്തിൽ വനപരിപാലനത്തെപറ്റിയും വന്യജീവി സംരക്ഷണ മേഖലകളെപ്പറ്റിയും രണ്ടു കർമ്മ പരിപാടികളും തയ്യാറാക്കിയിട്ടുണ്ട്. ജൈവ വൈവിധ്യ ഉടമ്പടിയും ഈ രണ്ടു കർമ്മ പരിപാടികളും ആദിവാസികളെയും മറ്റു പ്രാദേശിക ജനങ്ങളെയും ജൈവവൈവിധ്യ പരിപാലനത്തിന്റെ എല്ലാ ഘട്ടങ്ങളിലും (ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ) സജീവമായി പങ്കെടുപ്പിക്കേണ്ടതിന്റെ ആവശ്യം ആവർത്തിച്ചു പറയുന്നു. വനവിഭവങ്ങളിന്മേൽ അവർക്കുള്ള അവകാശവും ഈ അന്താരാഷ്ട്ര രേഖകൾ പൂർണ്ണമായും അംഗീകരിക്കുന്നു.

സമകാലീന ജൈവവൈവിധ്യ സംരക്ഷണ കാഴ്ചപ്പാടി നടിസ്ഥാനം 1993-ൽ പ്രാബല്യത്തിൽ വന്ന ജൈവവൈവിധ്യ ഉടമ്പടിയാണ്. ഈ ഉടമ്പടിയുടെ ആഭിമുഖ്യത്തിൽ വനപരിപാലനത്തെപറ്റിയും വന്യജീവി സംരക്ഷണ മേഖലകളെപ്പറ്റിയും രണ്ടു കർമ്മ പരിപാടികളും തയ്യാറാക്കിയിട്ടുണ്ട്. ജൈവവൈവിധ്യ ഉടമ്പടിയും ഈ രണ്ടു കർമ്മ പരിപാടികളും ആദിവാസികളെയും മറ്റു പ്രാദേശിക ജനങ്ങളെയും ജൈവവൈവിധ്യ പരിപാലനത്തിന്റെ എല്ലാ ഘട്ടങ്ങളിലും (ആസൂത്രണം, നടപ്പാക്കൽ, വിലയിരുത്തൽ) സജീവമായി പങ്കെടുപ്പിക്കേണ്ടതിന്റെ ആവശ്യം ആവർത്തിച്ചു പറയുന്നു. വനവിഭവങ്ങളിന്മേൽ അവർക്കുള്ള അവകാശവും ഈ അന്താരാഷ്ട്ര രേഖകൾ പൂർണ്ണമായും അംഗീകരിക്കുന്നു.

ഇന്ത്യയിൽ ഇന്ന് ആവശേഷിക്കുന്ന 4 ലക്ഷം ച.കി.മീ. വനത്തിന്റെ ബഹുഭൂരിഭാഗവും 187 ആദിവാസി ജില്ലകളിലായി അവർ പരമ്പരാഗതമായി സംരക്ഷിച്ചുപോന്നതാണ്. ആദിവാസികൾ വനത്തിന്റെ പരമ്പരാഗത അവകാശികൾ ആണെന്നതു മാത്രമല്ല അവർക്കാണ് ഏറ്റവും ഫലവത്തായി കാടു സംരക്ഷിക്കാൻ കഴിയുന്നതും. ആദിവാസി കാട്ടിൽ നിന്നും കായ്കനികൾ പറിക്കുന്നതോ പല്ലപ്പോഴും വേട്ടയാടുകയോ ചെയ്തിരുന്നത് കടലിൽ നിന്നും വള്ളത്തിൽ മീൻ പിടിക്കുന്നതു പോലെയാണ്. ഒരുപക്ഷേ, പൂവിൽ നിന്നും തേനീച്ച തേനെടുക്കുന്നതു പോലെ. കാടിനെപ്പറ്റിയും വന്യജീവികളെപ്പറ്റിയുമുള്ള അഗാധമായ അറിവാണ് അവരെ വനപരിപാലനത്തിന്റെ സ്വാഭാവിക അവകാശികൾ ആക്കുന്നത്. ആദിവാസി സംസ്കൃതിയുടെ ഉൾത്തുടിപ്പ് ഹൃദയത്തിലേറ്റാൻ കഴിഞ്ഞപ്പോഴാണ് കടമ്മനിട്ട രാമകൃഷ്ണൻ പാടിയത്, "വേട്ടക്കാരവരുടെ കൈയുകൾ വെട്ടും ഞാൻ, കൽമഴു വോങ്ങി മലതാണ്ടിയശുദ്ധം ചെയ്തവർ തലയില്ലാതൊഴുകണമാറ്റിൽ."

അട്ടപ്പാടിയിലെ ആദിവാസി മൂപ്പന്മാർക്ക് നമ്മുടെ സസ്യശാസ്ത്രജ്ഞരെക്കാൾ നന്നായി അവരുടെ പ്രദേശത്തെ സസ്യങ്ങൾ തിരിച്ചറിയാൻ കഴിയും. വനത്തെയും വന്യജീവികളെയും സംബന്ധിച്ച ആദിവാസികളുടെ സഞ്ചിതമായ അറിവും സർവ്വകലാശാലകൾവഴി പരിശീലനം നേടിയ മുഴുവൻ പരിസ്ഥിതി ശാസ്ത്രജ്ഞന്മാരുടെയും (ഞാൻ ഉൾപ്പെടെയുള്ള) അറിവിനേക്കാൾ കൂടുതലാണെന്ന് അതിശയോക്തി കൂടാതെ പറയാം. അവർ ശാസ്ത്ര പ്രബന്ധങ്ങൾ എഴുതുന്നില്ല എന്നു മാത്രം. ഈ അറിവു സംരക്ഷിക്കാനും ഉപയോഗിക്കാനും അതിന്റെ സാമ്പത്തിക പ്രയോജനം ആദിവാസികളുമായി പങ്കുവയ്ക്കാനും ജൈവവൈവിധ്യ ഉടമ്പടി വ്യവസ്ഥ ചെയ്യുന്നു.

പരിപാലനത്തിനായി നമ്മുടെ കാടുകൾ ആദിവാസികളെ തിരിച്ചേല്പിക്കുക എന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി. രാജ്യത്തെ 550-ഓളം വന്യജീവി സംരക്ഷണ മേഖലകൾ സ്ഥാപിച്ചപ്പോൾ ഇരുപതു ലക്ഷത്തിലധികം ആദിവാസികളാണ് അവരുടെ വീടുകളിൽ നിന്നും നേരിട്ടു കുടിയൊഴിപ്പിക്കപ്പെട്ടത്. റിസർവു വനങ്ങൾ സ്ഥാപിച്ചപ്പോൾ അതിലും പല ഇരട്ടിപ്പേർക്ക് കുടിലും അതിജീവനവും നഷ്ടപ്പെട്ടു. സ്വന്തം ഭൂമിയിൽ അവർ കയ്യേറ്റക്കാരായി. 1972-ലെ വന്യജീവി വിനിമയം കൊണ്ടു വരുന്നതിന് ഏതാനും മാസം മുമ്പ് മാത്രമാണ് ശ്രീമതി ഇന്ദിരാഗാന്ധി പാശ്ചാത്യരോടു പറഞ്ഞത്, ദാരിദ്ര്യമാണ് ഏറ്റവും വലിയ മലിനീകരണമെന്ന് - സ്റ്റോക്ക്ഹോമിലെ യു.എൻ. പരിസ്ഥിതി സമ്മേളനത്തിൽവച്ച്. പക്ഷെ പരിസ്ഥിതിയുടെ പേരിൽ ആദിവാസികളുടെ അതിജീവനവും ജീവിതം തന്നെയും ചോദ്യം ചെയ്യുന്ന അവസ്ഥ സൃഷ്ടിച്ചത് അവർ കൊണ്ടുവന്ന വന്യജീവി നിമയമമാണ്. അധിനിവേശ ഭരണത്തിന്റെ

1927-ലെ ഇന്ത്യൻ വനനിയമം കാലോചിതമായി പരിഷ്കരിച്ച് ആദിവാസികളുടെ പങ്കും പ്രസക്തിയും അംഗീകരിക്കുന്ന, പോഷിപ്പിക്കുന്ന ഒരു വന്യജീവി നിയമം ഉണ്ടാക്കുവാനുള്ള സാധ്യത അന്വേഷിച്ചില്ല. വൈദ്യുതിനിലയത്തിൽനിന്നും സൈലന്റുവാലി കാടുകളെ രക്ഷിച്ച ശ്രീമതി ഇന്ദിരാ ഗാന്ധിയെ കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ടുതന്നെയാണ് ഇതു പറയുന്നത്.

നമ്മുടെ കാടുകൾ നശിച്ചുകൊണ്ടു തന്നെയാണിരിക്കുന്നതെന്ന് ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയുടെ മൂന്നുവർഷം കൂടുമ്പോഴുള്ള വിലയിരുത്തലുകൾ പറയുന്നു. പുത്തൻ പ്ലാന്റേഷനുകൾ കാടുകളായി കണക്കാക്കി വിസ്തൃതി കുറയുന്നില്ല എന്നു വരുത്തിത്തീർക്കാനും ശ്രമങ്ങളുണ്ട്. ഔദ്യോഗികമായി കാടു നശിപ്പിക്കുന്നതിനുള്ള മുൻകൂർ പ്രതിഫലമായി 10,000 കോടി രൂപയിൽ കൂടുതലാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ കുമിഞ്ഞു കൂടിയിരിക്കുന്നത്. 2007-ൽ 30 ലക്ഷം വലിയ മരങ്ങൾ കാട്ടിൽ നിന്നും മുറിക്കാനാണ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുവാദം കൊടുത്തത്. ഇതിൽ ഒരു മരംപോലും ആദിവാസിക്കുവേണ്ടിയല്ല എന്നാണ് എന്റെ വിശ്വാസം. പുത്തൻ ഖനികൾ, ഡാമുകൾ, വൈദ്യുത പദ്ധതികൾ, പുത്തൻ റോഡുകൾ, പ്ലാന്റേഷനുകൾ തുടങ്ങിയവ നമ്മുടെ കാടുകളെയും ആദിവാസികളെയും ഒരുപോലെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

വന്യജീവിനിയമത്തിൽ 2003-ൽ കൂട്ടിച്ചേർത്തതാണ് പ്രാദേശിക ജനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന കമ്മ്യൂണിറ്റി റിസർവ് എന്ന വനപരിപാലന രീതി. വനപരിപാലനത്തിൽ ഒഴിവാക്കേണ്ട പ്രാദേശിക സംഘർഷം ഒഴിവാക്കാനുള്ള മാർഗ്ഗമെന്ന നിലയിലായിരുന്നു ഈ ഭേദഗതി. പക്ഷെ മിക്ക സംസ്ഥാനങ്ങളിലെയും വനം ഉദ്യോഗസ്ഥർക്ക് ഈ വകുപ്പ് നടപ്പിലാക്കാനുള്ള താത്പര്യം തീരെയില്ല. ഒറീസ, ഉത്തർപ്രദേശ്, ത്രിപുര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ വനം വകുപ്പിനുവേണ്ടി ഞാൻ സമീപവർഷങ്ങളിൽ കമ്മ്യൂണിറ്റി റിസർവ് നടപ്പിലാക്കുവാനുള്ള കർമ്മപരിപാടി രൂപീകരിക്കുമ്പോൾ മുതിർന്ന വനംവകുപ്പുദ്യോഗസ്ഥർക്ക് അതെപ്പറ്റി ആശങ്കകളായിരുന്നു. അവരുടെ പരിശീലനത്തിന്റെയും തൊഴിലിന്റെയും ഭാഗമായി ആർജ്ജിച്ച ജനവിരുദ്ധമനോഭാവം മാത്രമാണിതെന്ന് എനിക്കറിയാമായിരുന്നു. ഈ നാലു സംസ്ഥാനങ്ങളിലും അടുത്ത ഒരു വർഷത്തിനുള്ളിൽ ഒരു ഡസൻ റിസർവുകളെങ്കിലും ഉണ്ടാകും. നമ്മുടെ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ് ഇതിനകം ദേശീയ പ്രാധാന്യം നേടിയിട്ടുണ്ട്. രാജ്യത്തിനുമൊത്തം ഒരു മാതൃകയായി ജനങ്ങൾ നേരിട്ടു നടത്തുന്ന ഈ റിസർവിനെ നമുക്കു വളർത്തിയെടുക്കാൻ കഴിയും എന്നു പ്രതീക്ഷിക്കാം.

വനാവകാശ നിയമമാകട്ടെ, അതിന്റെ കരട് പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ വ്യക്തമാക്കിയതുപോലെ, ചരിത്രപരമായൊരു തെറ്റുതിരുത്തലാണ്. ആദിവാസികൾക്ക് പരമ്പരാഗതമായി വനത്തിനുമേലുള്ള അവകാശം അംഗീകരിക്കുകയും ജൈവവൈവിധ്യപരിപാലനത്തിനുള്ള അവരുടെ അവകാശം അംഗീകരിക്കുകയും ചെയ്യുന്നു ഈ നിയമം. മൈനിംഗ് കമ്പനികളും വികലമായ പരിസ്ഥിതി വീക്ഷണമുള്ള ചില വന്യജീവി പ്രേമികളും ഈ നിയമത്തെ എതിർക്കുകയാണ്. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള സർക്കാരുകളാകട്ടെ, കക്ഷിരാഷ്ട്രീയ ഭേദമെന്യെ ഈ നിയമം എങ്ങനെ നടപ്പിലാക്കാതിരിക്കാം എന്ന ശ്രമം നടത്തുകയാണ്.

സൈലന്റ്‌വാലി പ്രസ്ഥാനത്തിന്റെ പാരമ്പര്യം വളർന്നു വികസിക്കേണ്ടത് വനപരിപാലനം വനാവകാശികളുടെ മേൽനോട്ടത്തിൽ നടത്താൻ വേണ്ടിയുള്ള സമരങ്ങളുടെ മുൻനിരയിലേയ്ക്ക് വന്നുകൊണ്ടാണ്. വനപരിപാലനത്തിന്റെ ശാസ്ത്ര, സാമൂഹ്യ, നിയമ, ഭരണ മേഖലകളിൽ കാലാനുസൃതമായ മാറ്റം വരുത്താനുള്ള പ്രേരകശക്തിയാകാനും നമുക്കു കഴിയണം.

സൈലന്റ് വാലി പ്രസ്ഥാനം ശക്തമായിക്കൊണ്ടിരിക്കെ തിരുവനന്തപുരത്ത് വി.ജെ.ടിഹാളിൽ നടക്കേണ്ടിയിരുന്ന ഒരു സെമിനാർ ഇല: ബോർഡ് ഹൈക്കോടതിയിൽ നിന്നും നേടിയ നിരോധന ഉത്തരവിനെ തുടർന്ന് പരിസ്ഥിതി പ്രവർത്തകർ കറുത്ത തുണികൊണ്ട് വായ് മൂടിക്കെട്ടി നഗരത്തിൽ പ്രകടനം നടത്തിയതിന്റെ അടുത്തയാഴ്ച ഇല: ബോർഡു തൊഴിലാളി സംഘടനയുടെ ആഭിമുഖ്യത്തിൽ കൊല്ലം പബ്ളിക് ലൈബ്രേറിയിൽ വച്ചു പദ്ധതിയെപ്പറ്റിയൊരു സെമിനാർ നടത്തിയിരുന്നു. യൂണിയൻ നേതാവ് ശ്രീ. കെ.ഒ. ഹബീബിന്റെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാറിൽ ഇല: ബോർഡിന്റെ വക വിദഗ്ദ്ധരെ കൂടാതെ പരിസ്ഥിതിവാദം നേരിടാനായി കോഴിക്കോട്ടു നിന്നൊരു ബോട്ടണി പ്രൊഫസറും തിരുവനന്തപുരത്തുനിന്നും എനിക്ക് പ്രിയപ്പെട്ടൊരു സുവോളജി പ്രൊഫസറും ഉണ്ടായിരുന്നു. പ്രൊഫസർമാരുടെ വാദം പലതും ബാലിശമായിരുന്നു. ഇല: ബോർഡ് ജീവനക്കാരെക്കൊണ്ടു നിറഞ്ഞ ഹാളിൽ ഞങ്ങൾ മൂന്നു വിദ്യാർത്ഥികൾ മാത്രമായിരുന്നു പദ്ധതിവിരുദ്ധർ. പ്രൊഫസർമാർക്കു മറുപടി പറയാൻ അനുവദിക്കണമെന്ന എന്റെ അഭ്യർത്ഥന അദ്ധ്യക്ഷൻ സദയം അനുവദിച്ചെങ്കിലും, ജീവഭയത്താൽ സുഹൃത്തുക്കൾ എന്റെ ഉടുപ്പിൽ പിടിച്ചു പിന്നോട്ടു വലിച്ചു. പക്ഷെ ക്ഷമയോടെ, സംയമനത്തോടെ ആ പദ്ധതി അനുകൂല സദസ്സ് ഒരു വിദ്യാർത്ഥിയുടെ പദ്ധതി വിരുദ്ധവാദങ്ങൾ കേട്ടിരുന്നപ്പോൾ അത് എനിക്ക് സഹിഷ്ണുതയിലുള്ള പുതിയൊരു പാഠംകൂടിയായിരുന്നു. മേപ്പടി പ്രൊഫസർരുടേതുപോലെയുള്ള അതിശയോക്തികൾ വർജ്ജിക്കുകയും അന്നത്തെ തൊഴിലാളികൾ വിരുദ്ധാഭിപ്രായത്തോടു കാട്ടിയ സഹിഷ്ണുത ആർജ്ജിക്കുകയും ചെയ്താൽ സൈലന്റു വാലി നിമിത്തമായ നമ്മുടെ പരിസ്ഥിതി പ്രസ്ഥാനം ഇനിയും ആഴവും പരപ്പും നേടും.

*സൗന്ദര്യ അപ്പാർട്ട്മെന്റ്സ്*
*നന്ദാവനം, തിരുവനന്തപുരം*